LIBRARY ARCHIVES Kerala Legislative Assembly

ഫെയർ വാല്യൂ

209 (4841) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചിട്ടുണ്ടോ; എന്നാണ് പ്രസ്തുത താരിഫ് വില പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ;

(ബി) നെല്ലനാട് വില്ലേജിലെ താരിഫ് വിലയെ സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റിലോ വാമനപുരം സബ്രജിസ്ട്രാർ ഓഫീസിലോ ലഭ്യമാല്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് അടിന്തിരമായി ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) താരിഫ് വിലയെ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലിസ്റ്റും നല്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചിട്ടുണ്ട്. 2-11-2012-ലാണ് ഭൂമിയുടെ ന്യായവില പ്രാബല്യത്തിൽ വന്നത്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചു. പ്രസ്തുത ന്യായവില വിവരങ്ങൾ 30-11-2014 മുതൽ ഇന്റർനെറ്റിൽ ലഭ്യമാണ്.

(ഡി) ഭൂമിയുടെ താരിഫ് നിരക്ക് നിശ്ചയിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് റവന്യൂ വകുപ്പാണ്, രജിസ്ട്രേഷൻ വകുപ്പല്ല. നെല്ലനാട് വില്ലേജിലെ ഭൂമിയുടെ ന്യായ വില വിവരങ്ങൾ www.igr.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഭൂമി ക്രയവിക്രയം ചെയ്ത ഇനത്തിൽ രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ട തുക

210 (4842) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവിലയിലും, രജിസ്ട്രേഷൻ ചാർജിലും വരുത്തിയിട്ടുള്ള വർദ്ധനവിന് ശേഷം ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളവർ ഏതെല്ലാം ഇനത്തിൽ എത്ര തുക വീതമാണ് രജിസ്ട്രാർ ഓഫീസിൽ അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ;